# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1813 16.06.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

**കൊള്ളപ്പലിശക്കാരുടെ ഭീഷണിയെ തുടർന്നുള്ള കൂട്ടമരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | കൊള്ളപലിശക്കാരുടെ ഭീഷണിയെതുടർന്ന് എത്ര പേർ സ്വന്തം കുടുംബാംഗങ്ങളെ വധിക്കുകയോ ആത്മഹത്യക്ക് പ്രേരിപ്പിക്കുകയോ ചെയ്തിട്ടുണ്ട്; | (എ) | കൊള്ളപലിശക്കാരുടെ ഭീഷണിയെതുടർന്ന് സ്വന്തം കുടുംബാംഗങ്ങളെ വധിക്കുകയോ ആത്മഹത്യക്ക് പ്രേരിപ്പിക്കുകയോ ചെയ്ത ഒരു സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട് (തിരുവനന്തപുരം സിറ്റി ജില്ലയിൽ). |
| (ബി) | ഇത്തരത്തിൽ കൂട്ടമരണം നടന്ന കുടുംബത്തിൽ അവശേഷിക്കുന്നവരെ സഹായിക്കാൻ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (ബി) | സംസ്ഥാനത്ത് കൊള്ളപലിശക്കാരുടെ ഭീഷണിയെതുടർന്ന് കൂട്ടമരണം നടന്ന കുടുംബത്തിൽ അവശേഷിക്കുന്നവരെ സഹായിക്കുന്നതുമായി ബന്ധപ്പെട്ട് തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊള്ളപലിശ വാങ്ങിയതിന് എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊള്ളപലിശ വാങ്ങിയതിന് ആരെയും ശിക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ